"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കഠിനംകുളം ഗ്രാമ പഞ്ചായത്ത്- ജനപ്രതിനിധി, ശ്രീമതി. നസീമ കബീറിന് ചികിത്സ ഇനത്തിൽ ചെലവായ തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചികിത്സാ സഹായമായി അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.1377/2025/LSGD തീയതി,തിരുവനന്തപുരം, 03-06-2025

---

പരാമർശം:-
1. കഠിനംകുളം ഗ്രാമ പഞ്ചായത്തിന്റെ 11.12.2024 തീയ്യതിയിൽ നടന്ന സാധാരണയോഗത്തിലെ 13 / നമ്പർ തീരുമാനം.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07.04.2025 തീയതിയിലെ LSGD/PD/9922/2025-EER2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കഠിനംകുളം പഞ്ചായത്ത് ജനപ്രതിനിധിയായ ശ്രീമതി. നസീമ കബീറിന് അർബുദ ചികിത്സയെ തുടർന്ന് Lakeshore Global Lifecare ,Kochi ഹോസ്പിറ്റലിൽ ചികിത്സ നടത്തിയതിൽ ചെലവായ തുകയായ 2,88,649/- (രണ്ട് ലക്ഷത്തി എൺപത്തിയെട്ടായിരത്തി അറനൂറ്റി നല്പത്തിയൊൻപത് രൂപ മാത്രം) ചികിത്സാ സഹായമായി അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം ഗ്രാമ പഞ്ചായത്ത് തീരുമാനം എടുത്ത് സർക്കാരിന്റെ അനുമതിയ്ക്കായി പരാമർശം (2) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീമതി. നസീമ കബീറിന് ചികിത്സ നടത്തിയ ഇനത്തിൽ ചെലവായ തുകയുടെ 70% തുകയായ 202,054/-രൂപ (രണ്ട് ലക്ഷത്തി രണ്ട് ആയിരത്തി അൻപത്തിനാല് രൂപ മാത്രം) ഭാവിയിൽ ക്രമ പ്രകാരമല്ലാതെയോ അധികമായി തുക മാറി നൽകിയതായോ കാണുന്ന പക്ഷം പ്രസ്തുത തുക തിരികെ അടയ്ക്കാൻ അപേക്ഷകൻ ബാദ്ധ്യസ്ഥനാണെന്നുള്ള വ്യവസ്ഥയിൽ, ടിയാൾ സമർപ്പിച്ചിരിക്കുന്ന ചികിത്സാ രേഖകളുടെയും മെഡിക്കൽ ബിൽ/വൗച്ചറുകളുടെയും അടിസ്ഥാനത്തിൽ കഠിനംകുളം ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ചിത്ര പി അരുണിമ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രസിഡന്റ്/സെക്രട്ടറി, കഠിനംകുളം ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം ജില്ല.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD- EM2/67/2025-LSGD].

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Ajith Kumar K A
Date: 04-06-2025 10:29:18

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്.

സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.